പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 24

4.6.2018 ൽ
മറുപടിക്ക്

## സേവനാവകാശനിയമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | സേവനാവകാശനിയമം പ്രാബല്യത്തിൽ വന്നതിനുശേഷം യഥാസമയത്ത് സേവനം നൽകാത്തതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ നടപടികൾക്ക് വിധേയനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) ഇല്ല. |
| ബി) | എങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | |
| സി) | ഇല്ലെങ്കിൽ ഒരുദ്യോഗസ്ഥൻ പോലും നടപടിക്ക് വിധേയനാകാത്തത് സേവനാവകാശനിയമത്തിന്റെ മഹത്വമാണോ സൂചിപ്പിക്കുന്നത്; വ്യക്തമാക്കാമോ; | സി) സേവനാവകാശ നിയമം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. |
| ഡി) | പല സാധാരണക്കാരും സമീപകാലത്ത് വില്ലേജ് ഓഫീസ് തീയിടലും വില്ലേജ് ഓഫീസിന്റെ കഴുക്കോലിൽ തൂങ്ങിമരിക്കലും പോലുള്ള കഠിന പ്രവൃത്തികൾ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. |
| ഇ) | എങ്കിൽ സേവനാവകാശ നിയമത്തിന് വേണ്ടത്ര മൂർച്ചയില്ലെന്ന അഭിപ്രായം സർക്കാരിനുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഇ) (സി) പിരിവിന്റെ മറുപടി കാണുക. |

സെക്ഷൻ ഓഫീസർ